I/167161/2024

**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : M.G. RAJAMANICKAM IAS)**

<u>സംഗ്രഹം</u>

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–കൊച്ചി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ദേവിപ്രിയ.എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയല് ചെയ്ത OA 2020/21 നമ്പര് കേസിന്മേലുള്ള 02.11.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഉത്തരവ് നമ്പർ</u> LSGD/PD/9434/2023-DEB1 <u>തീയതി:03-01-2024</u>

പരാമർശം:

1) ബഹു.കേരള അഡ്മിനസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2020/21 നമ്പർ കേസിന്മേലുള്ള 02.11.2021 ലെ ഉത്തരവ്
2) ഈ ആഫീസിലെ 31-07-2023 ലെ ഇതേ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ദേവിപ്രിയ.എസ് ടിയാരിയുടെ സീനിയർ ക്ലർക്ക്, സൂപ്രണ്ട് തസ്തികകളിലെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 2020/21 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിലെ 02.11.2021 ലെ ഉത്തരവ് പ്രകാരം 11.10.2021 ൽ പ്രസിദ്ധീകരിച്ച സൂപ്രണ്ടുമാരുടെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ടിയാരിയുടെ അനക്സർ A15, A17 അപേക്ഷകളിൻമേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ ശ്രീമതി.ദേവിപ്രിയയെയും ടിയാളോടൊപ്പം സീനിയോറിറ്റി പുനക്രമീകരിക്കേണ്ടതായി വരുന്ന ശ്രീ.സി.എസ്.വിനോദ്കുമാർ, ശ്രീ.രാജേഷ്.ജി എന്നിവരെയും ആർ.ഒ II തസ്തിക യിൽ സീനിയോറിറ്റി പുനക്രമീകരിക്കേണ്ട വരുന്നവരെയും 24.05.2023 ന് 11 മണിയ്ക്ക് നേരിൽ കേട്ടിട്ടുള്ളതാണ്. ബഹു.നഗരകാര്യ ഡയറക്ടർ 31/07/2013 അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ച സീനിയർ ക്ലർക്കുമാരുടെ പുതുക്കിയ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുകളുടെ പേര് ക്രമ നമ്പർ 69 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.പോൾസൺ റോബർട്ടിന്റെ താഴെയായി ഉൾപ്പെടുത്തുന്നതിനും 29/09/2021 ൽ പ്രസിദ്ധീകരിച്ച സൂപ്രണ്ട് തസ്തികയിലെ കരട് സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 16 ആയി ഉൾപ്പെട്ട ടിയാൻറെ താഴെയായി സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി RO II തസ്തികയിലേയ്ക്ക് പ്രമോഷന് പരിഗണിക്കുന്നതിനും ശ്രീമതി.ദേവിപ്രിയ, ശ്രീ.സി.എസ്.വിനോദ്കുമാർ, ശ്രീ.രാജേഷ്.ജി എന്നിവരും നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിൽ ആക്ഷേപമില്ല എന്ന ഹിയറിംഗിൽ പങ്കെടുത്ത മറ്റുള്ളവരും

അറിയിച്ചിട്ടുള്ളതാണ്.

ശ്രീമതി.ദേവിപ്രിയ.എസ് നഗരകാര്യഡയറക്ടറുടെ 23.06.99 ലെ B5-16477/95 നമ്പർ ഉത്തരവ് പ്രകാരം 02.07.99 ന് സേവനത്തിൽപ്രവേശിച്ചിട്ടുള്ളതും 12/2000 ൽ ഡിപ്പാർട്ട്മെൻറ് ടെസ്റ്റ് യോഗ്യതകൾ നേടിയിട്ടുള്ളതും 24.10.2001 ന് ടിയാൾക്ക് സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്നതുമാണ്. എന്നാൽ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് ചേർത്തല നഗരസഭയിൽ സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീ.റാം പ്രസാദ്.കെ.എം എന്നവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 403/2016 നമ്പർ കേസിലെ 15.03.2016 ലെ ഉത്തരവിൻമേലുള്ള സർക്കാരിൻറെ 23.09.2016 ലെ ജി.ഒ(ആർ.റ്റി) നം.2719/1/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 31.07.2013 അടിസ്ഥാനമാക്കിയുള്ള സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 31.07.2013 ൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ സീനിയോരിറ്റി പുനക്രമീകരിച്ച് 14.01.2020 ലെ ഇ3-9452/16 Vol.IV നമ്പർ പ്രകാരം നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം 24.10.2001 തീയതിയിലെ ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട ശ്രീ.സി.എസ്.വിനോദ്കുമാർ, ശ്രീ.രാജേഷ്.ജി, ശ്രീമതി.ദേവിപ്രിയ.എസ് എന്നിവരുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ ഉത്തരവ് തീയതി 24.10.2001 ൽ നിന്നും തൊട്ടടുത്ത ഉദ്യോഗക്കയറ്റ ഉത്തരവ് തീയതിയായ 03.09.2002 ലേയ്ക്ക് പുനർ നിർണ്ണയിച്ചിരുന്നു. എന്നാൽ 24.10.2001 തീയതിയിൽ ശ്രീ.സി.എസ്.വിനോദ്കുമാർ, ശ്രീ.രാജേഷ് ജി, ശ്രീമതി.ദേവിപ്രിയ എന്നിവർക്കും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനു ആവശ്യമായ ഒഴിവുകൾ ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുള്ളതാണ്.

സീനിയർ ക്ലാർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ തീയതി 03.09.2002 ലേയ്ക്ക് പുനർനിർണ്ണയം ചെയ്യപ്പെട്ടിട്ടുള്ളതായ ശ്രീ.വിനോദ്കുമാർ സി.എസ്, ശ്രീ.രാജേഷ് ജി, ശ്രീമതി.എസ്.ദേവിപ്രിയ എന്നിവരുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ തീയതി 24.10.2001 ൽ നിലനിർത്തിക്കൊണ്ടും അപ്രകാരം സീനിയോരിറ്റി നിലനിർത്തുമ്പോൾ 31.07.2013 അടിസ്ഥാനമാക്കിയ സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുകളുടെ സ്ഥാനം ക്രമനം.69 ശ്രീ.പോൾസൺ റോബർട്ടിന് ശേഷം യഥാക്രമം ക്രമനം.69(a)(b)(c) ആയി ഉൾപ്പെടുത്തിയും ടി ലിസ്റ്റിലെ ക്രമ നമ്പർ. 90,91,92 എന്നിവ റദ്ദ ചെയ്തും പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൻറെ അടിസ്ഥാനത്തിൽ 11.10.2021 ൽ പ്രസിദ്ധീകരിച്ച സൂപ്രണ്ട് തസ്തികയിലെ കരട് സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുകളുടെ സ്ഥാനം ക്രമ നമ്പർ 16. ശ്രീ.പോൾസൺ റോബർട്ടിനും ക്രമ നമ്പർ. 17. ശ്രീ. നിസാമുദീൻ എന്നിവർക്കും ഇടയിലായി യഥാക്രമം 16(a)(b)(c) എന്നിങ്ങനെ ക്രമീകരിക്കുന്നതിനും തീരുമാനിച്ച് പരാമർശം (2) പ്രകാരം ആക്ഷേപം ക്ഷണിക്കുകയും ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ചും ആക്ഷേപം

സമർപ്പിച്ചിരുന്നവരെ 13/09/2023 ന് നേരിൽ കേട്ടും തീർപ്പാക്കിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീ.വിനോദ്കുമാർ സി.എസ്, ശ്രീ.രാജേഷ് ജി, ശ്രീമതി.എസ്.ദേവിപ്രിയ എന്നിവരുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ തീയതി 24.10.2001-ൽ നിലനിർത്തിക്കൊണ്ടും അപ്രകാരം സീനിയോരിറ്റി നിലനിർത്തുമ്പോൾ 14.01.2020 ലെ ഇ3-9452/16 Vol.IV നമ്പർ പ്രകാരം ഉത്തരവ് പ്രകാരമുള്ള 31.07.2013 അടിസ്ഥാനമാക്കിയുള്ള സീനിയർ ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുകളുടെ സ്ഥാനം ക്രമനം.69 ശ്രീ.പോൾസൺ റോബർട്ടിന് ശേഷം യഥാക്രമം ക്രമനം.69(a)(b)(c) ആയി ഉൾപ്പെടുത്തിയും ടി ലിസ്റ്റിലെ ക്രമ നമ്പർ. 90, 91, 92 എന്നിവ റദ്ദ് ചെയ്തും പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൻറെ അടിസ്ഥാനത്തിൽ 11.10.2021 ൽ നം.E6-16413/2020 പ്രകാരം പ്രസിദ്ധീകരിച്ച സൂപ്രണ്ട് തസ്തികയിലെ കരട് സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുകളുടെ സ്ഥാനം ക്രമ നമ്പർ 16.ശ്രീ.പോൾസൺ റോബർട്ടിനും ക്രമ നമ്പർ. 17.ശ്രീ.നിസാമുദീൻ എന്നിവർക്കും ഇടയിലായി യഥാക്രമം 16(a)(b)(c) എന്നിങ്ങനെ ക്രമീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

മേൽ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 2020/21 ന്മേലുള്ള 02.11.2021 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

**M.G. RAJAMANICKAM IAS**
**PRINCIPAL DIRECTOR**

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. ശ്രീമതി.ദേവിപ്രീയ.എസ്, സൂപ്രണ്ട്, കൊച്ചി നഗരസഭ (നഗരസഭ സെക്രട്ടറി മുഖേന)
3. ശ്രീ.വിനോദ്കുമാർസി.എസ്, സൂപ്രണ്ട്, കളമശ്ശേരി നഗരസഭ (നഗരസഭ സെക്രട്ടറിമുഖേന)
4. ശ്രീ.രാജേഷ് ജി, സൂപ്രണ്ട്, മാവേലിക്കര നഗരസഭ (നഗരസഭ സെക്രട്ടറി മുഖേന)
5. സിസ്റ്റം മാനേജര് (വെബ്സൈറ്റില് പ്രസിദ്ധീകരിക്കുന്നതിനായി)
6 കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
M.g. rajamanickam Ias
Date: 03-01-2024 17:05:18
Reason: Approved